പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*70** — **07.02.2013 ൽ മറുപടിയ്ക്ക്**

## യുവജനങ്ങളെ ഭിന്നിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ. ദാസൻ<br>ഡോ.കെ.ടി. ജലീൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനങ്ങളെ വർഗീയ തീവ്രവാദ ജാതീയ ചേരികളിലാക്കി ഭിന്നിപ്പിക്കാനും രാഷ്ട്രീയ അവബോധം ഇല്ലാതാക്കുവാനും സംഘടിതമായ ശ്രമങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരം ശ്രമങ്ങളെ തുറന്നുകാട്ടാനും, പ്രവണതകളെ അവസാനിപ്പിക്കാനും തയ്യാറാകുമോ; | |

| | |
|---|---|
| (സി) യുവജനക്ഷേമ ബോർഡ് ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) യുവജനങ്ങളെ ശരിയായ ചിന്തയിലൂടെയും മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെയും നയിക്കുക എന്ന ലക്ഷ്യത്തോടു കൂടി ബോർഡ് വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് , കേരളോത്സവം, യുവശക്തി, സാഹസിക പരിശീലനം, ദേശീയോദ്ഗ്രഥന ക്യാമ്പ്, സ്വയം തൊഴിൽ പരിശീലനവും, ബോധവൽക്കരണ ക്യാമ്പുകളും തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്ക് സ്കിൽ ഡെവലപ്മെന്റ് പരിശീലനം നൽകി എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ മതാചാരങ്ങളും സംസ്കാരങ്ങളും ഉള്ള യുവാക്കളെ ഒരുമിച്ച് പ്രവർത്തിക്കുവാൻ അവസരം നൽകുക എന്ന ലക്ഷ്യത്തോടെ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ദേശീയോദ്ഗ്രഥനം ലക്ഷ്യമിട്ടുള്ള ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. യുവാക്കളെ മുഖ്യധാരയിൽ നിലനിർത്താനും ബോർഡിന്റെ പ്രവർത്തനങ്ങൾ മൂലം സാധിച്ചിട്ടുണ്ട്. ബോർഡിന്റെ ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ മൂലം യുവജനങ്ങളെ വർഗീയ തീവ്രവാദ ജാതീയചേരികളിലാക്കി ഭിന്നിപ്പിക്കുന്നത് തടയാനും രാഷ്ട്രീയ അവബോധം വളർത്തുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ